പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1292 — 13.12.2012 ൽ മറുപടിയ്ക്ക്

## അരിവില നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. അനൂപ്ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അരിവില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | എ) അരിവില വർദ്ധനവ് തടയുന്നതിനായി ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ബി.പി.എൽ/എ.എ.വൈ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 35 കിലോയും, 25 കിലോയും അരി, കിലോയ്ക്ക് ഒരു രൂപ നിരക്കിലും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് 2/- രൂപ നിരക്കിൽ അരിയും വിതരണം ചെയ്യുന്നു. കൂടാതെ OMSS പദ്ധതിയിൽ 20,000 മെ.ടൺ അരി കേന്ദ്രം അനുവദിച്ചിട്ടുള്ളതിൽ 5000 ടൺ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി കിലോഗ്രാമിന് 19.50 രൂപ നിരക്കിൽ (പുഴുക്കലരി) കാർഡൊന്നിന് പരമാവധി 25 കിലോ വീതം ഉടൻ വിതരണം ചെയ്യുന്നതാണ്. ഇതിനു പുറമെ OMSS നിരക്കിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചുതന്നിരുന്ന 60,000 ടൺ അരി, എ.പി.എൽ കാർഡുടമകൾക്ക് 10 കിലോ ഗ്രാം നിരക്കിൽ കിലോഗ്രാമിന് 19.50 രൂപ നിരക്കിൽ (പുഴുക്കലരി) വിതരണം ചെയ്യുന്നതാണ്. പൊതു വിപണിയിൽ അരിയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് |

'അരിക്കട'. ഈ പദ്ധതി ഇപ്പോൾ വിജയകരമായിനടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിലൂടെ മാവേലി സ്റ്റോറുകൾ വഴി വിവിധ അരി ഇനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിൽക്കപ്പെടുന്നു. മട്ട, കുറുവ, ജയ, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 21 രൂപ, 19 രൂപ, 16 രൂപ എന്ന നിരക്കിൽ വിപണി വിലയേക്കാൾ 50% വരെ വില കുറച്ചാണ് വിതരണം നടത്തി വരുന്നത്. ഇതുമൂലം അരിവില ഒരു പരിധി വരെ പൊതുവിപണിയിൽ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) സപ്ലൈകോയുടെ നേതൃത്വത്തിൽ കൂടുതൽ അരി വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ: | ബി) സപ്ലൈകോയുടെ കീഴിലുള്ള 1267 ചില്ലറ വിൽപ്പന ശാലകളിലും പുതുതായി ആരംഭിച്ച ക്രിസ്തുമസ് പുതുവത്സര ചന്തകളിലും 'അരിക്കട' പദ്ധതി പ്രകാരം കാർഡൊന്നിന് പ്രതിമാസം 20 കി.ഗ്രാം നിരക്കിൽ പൊതുജനങ്ങൾക്ക് അരി ലഭ്യമാക്കുന്നുണ്ട്. |
| സി) പ്രസ്തുത വിതരണ കേന്ദ്രങ്ങളിലൂടെ മെച്ചപ്പെട്ട ഇനം അരി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; | സി) മെച്ചപ്പെട്ട അരി (സോർട്ടെക്സ്) യാണ് പ്രസ്തുത പദ്ധതിപ്രകാരം നൽകുന്നത്. |
| ഡി) പ്രതിമാസം നിശ്ചിത അളവിലുള്ള അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമോ? | ഡി) കാർഡൊന്നിന് പ്രതിമാസം 20 കി.ഗ്രാം നിരക്കിൽ പൊതുജനങ്ങൾക്ക് നല്ല ഇനം അരി നൽകിവരുന്നുണ്ട്. കൂടാതെ OMSS പദ്ധതി പ്രകാരമുള്ള അരി കൂടി കാർഡൊന്നിന് പരമാവധി 25 കിലോ ഗ്രാം വീതം ഉടൻ വിതരണം ചെയ്യുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ.